നം. WCD/C1- 18100/ 18

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം,
തീയതി:24.07.2018
email:swdicds@gmail.com
Ph: 0471 -2346508

വനിത ശിശുവികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.ഡി.എസ് - പരിശീലന പരിപാടി അങ്കണവാടി പ്രവർത്തകർ, സൂപ്പർവൈസർമാർ, സി.ഡി.പി.ഒ മാർ എന്നിവർക്കായുള്ള പരിശീലന പരിപാടി - 2018-19 വിവരശേഖരണം - സംബന്ധിച്ച്:

സൂചന:-

വനിതാ ശിശുവികസന വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവർക്കുള്ള 2018-19 ലെ പരിശീലന പട്ടിക തയ്യാറാക്കേണ്ടിയിരിക്കുന്നു. ആയതിലേയ്ക്ക് പരിശീലനാർത്ഥികളുടെ വിവരശേഖരങ്ങൾ നടത്തേണ്ടതാണ്.

പരിശീലനാർത്ഥികളുടെ വിവര ശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ കൂടുതൽ കൃത്യത പാലിക്കേണ്ടതായിട്ടുണ്ട്. പരിശീലനത്തിനായി നിയോഗിക്കപ്പെടുന്ന എല്ലാ പരിശീലനാർത്ഥികളും പരിശീലനത്തിന് എത്തിച്ചേരേണ്ടതാണ്.

പരിശീലനത്തിനായി നിയോഗിക്കേണ്ട പ്രവർത്തകരുടെ വിവരം ട്രെയിനിംഗ് രജിസ്റ്റർ പരിശോധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി 30.07.2018 നകം ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്. ജില്ലാ പ്രോഗ്രാം ഓഫീസർമാർ 04.08.2018 നകം പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ട്രെയിനിംഗ് രജിസ്റ്റർ പരിശോധിച്ചാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് എല്ലാ പ്രൊഫോർമയിലും ശിശുവികസന പദ്ധതി ഓഫീസർമാർ സാക്ഷ്യപ്പെടുത്തേണ്ടതും ടി സാക്ഷ്യപ്പെടുത്തൽ ഉണ്ടോ എന്ന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതുമാണ്.

വിവരശേഖരണ പത്രിക നൽകുമ്പോൾ നിർദ്ദേശിച്ചിരിക്കുന്ന തീയതിയ്ക്കുള്ളിൽ കൃത്യമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിവരം നൽകേണ്ടതാണ്. അങ്കണവാടി പ്രവർത്തകരുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശുവികസന ഡയറക്ടർ

പകർപ്പ്

1 എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. വെബ് സൈറ്റ്
3. ഓഫീസ് കോപ്പി/ സ്റ്റോക് ഫയൽ

Sk/gb

# പ്രൊഫോർമ-1

## ശിശുവികസന പദ്ധതി ഓഫീസർമാരുടെ ട്രെയിനിംഗ് വിവരങ്ങൾ

ജില്ല:

| ക്രമ നം. | സി.ഡി.പി.ഒ യുടെ പേര് / PEN | പ്രോജക്ട് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | ജോബ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടെങ്കിൽ തീയതി | അവസാനമായി റിഫ്രഷർ ട്രെയിനിംഗ് ലഭിച്ച തീയതി | വിരമിക്കുന്ന വർഷം | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

പ്രോഗ്രാം ഓഫീസർ

## പ്രൊഫോർമ-II

## സൂപ്പർവൈസർമാരുടെ ട്രെയിനിംഗ് വിവരങ്ങൾ

ജില്ല:

| ക്രമ നം. | പ്രോജക്ട് | സൂപ്പർവൈസർമാരുടെ പേര്/PEN | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | ജോബ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടെങ്കിൽ തീയതി | അവസാനമായി റിഫ്രഷർ ട്രെയിനിംഗ് ലഭിച്ച തീയതി | വിരമിക്കുന്ന വർഷം | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

പ്രോഗ്രാം ഓഫീസർ

## പ്രൊഫോർമ-III

### അങ്കണവാടി വർക്കർമാരുടെ ട്രെയിനിംഗ് വിവരങ്ങൾ

ജില്ല:

| ക്രമ നം. | പ്രവർത്തിക്കുന്ന അങ്കണ വാടികളുടെ എണ്ണം | സ്ഥിരം ഹെൽപ്പർമാരുടെ എണ്ണം. | ജോബ് ട്രെയിനിംഗ് ലഭിച്ച വർക്കർമാരുടെ എണ്ണം | ജോബ് ട്രെയിനിംഗ് ലഭിക്കാനുള്ള വർക്കർമാരുടെ എണ്ണം. | റിഫ്രഷർ ട്രെയിനിംഗ് ലഭിക്കുവാനുള്ള അങ്കണവാടി വർക്കർമാരുടെ എണ്ണം(ജോബ്/റിഫ്രഷർ പരിശീലനം കഴിഞ്ഞ് രണ്ട് വർഷം പൂർത്തീകരിക്കുന്നവർ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 8/18 | 9/18 | 10/18 | 11/18 | 12/18 | 1/19 | 2/19 | 3/19 | ആകെ | അഭി പ്രായം |
| | | | | | | | | | | | | | | |

പ്രോഗ്രാം ഓഫീസർ

## പ്രൊഫോർമ-IV

## അങ്കണവാടി ഹെൽപ്പർമാരുടെ ട്രെയിനിംഗ് വിവരങ്ങൾ

ജില്ല:

| ക്രമ നം. | പ്രവർത്തിക്കുന്നു അങ്കണ വാടികളുടെ എണ്ണം | സ്ഥിരം ഹെൽപ്പർമാരുടെ എണ്ണം. | ജോബ് ട്രെയിനിംഗ് ലഭിച്ചവരുടെ എണ്ണം | ജോബ് ട്രെയിനിംഗ് ലഭിക്കാനുള്ളവരുടെ എണ്ണം. | റിഫ്രഷർ ട്രെയിനിംഗ് ലഭിക്കുവാനുള്ള അങ്കണവാടി ഹെൽപ്പർമാരുടെ എണ്ണം(ജോബ്/റിഫ്രഷർ പരിശീലനം കഴിഞ്ഞ് രണ്ട് വർഷം പൂർത്തീകരിക്കുന്നവർ) | | | | | | | | | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 8/18 | 9/18 | 10/18 | 11/18 | 12/18 | 1/19 | 2/19 | 3/19 | ആകെ | |
| | | | | | | | | | | | | | | |

പ്രോഗ്രാം ഓഫീസർ